പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3283 19.06.2018-ലെ മറുപടിക്ക്

# വൈദ്യുതോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബസ്സുകൾ

ചോദ്യം

ശ്രീ. ഹൈബി ഈഡൻ
" അൻവർ സാദത്ത്
" അടൂർ പ്രകാശ്
" കെ.മുരളീധരൻ

ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ, സി.എൻ.ജി. ബസ്സുകളെക്കാൾ വൈദ്യുതി ബസ്സുകൾക്കുള്ള മേന്മ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | പുക മലിനീകരണം , ശബ്ദ മലിനീകരണം, എന്നിവയുടെ അഭാവം, പ്രവർത്തന ചിലവിലെ ഗണ്യമായ കുറവ്, വർദ്ധിച്ച യാത്രാസുഖം എന്നിവയാണ് വൈദ്യുത ബസ്സുകൾക്കുള്ള പ്രധാന മേന്മകൾ. |
| (ബി) | വൈദ്യുതി ബസ്സുകൾ വിലയ്ക്ക് വാങ്ങുന്നതിന് പകരം വാടകയ്ക്ക് എടുത്ത് ഓടിക്കുന്നതിനാണോ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത്; എങ്കിൽ പ്രതിമാസ വാടക എത്രയെന്ന് അറിയിക്കുമോ ; | (ബി) | പരിസ്ഥിതി സൗഹാർദ്ദ ഇലക്ട്രിക് ബസ് സംസ്ഥാനത്ത് ആദ്യമായി 18-6-2018 മുതൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതാണ്. പരീക്ഷണം വിജയകരമാണെന്ന് കണ്ടാൽ കേന്ദ്ര സർക്കാർ സഹായത്തോടെ ഇത്തരം ബസ്സുകൾ വ്യാപകമാക്കുവാൻ പദ്ധതിയുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഉയർന്ന വിലയുള്ള ഇലക്ട്രിക് ബസ്സുകൾ സ്വന്തം നിലയിൽ വാങ്ങുന്നതിന് സാധിക്കാത്ത സാഹചര്യമായതിനാൽ വാടകയ്ക്ക് ഇലക്ട്രിക് ബസ്സുകൾ ഓടിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. ഇത് സംബന്ധിച്ച് തീരുമാനമെടുത്ത് ടെണ്ടർ ക്ഷണിച്ചതിന് ശേഷമേ |

| | | | |
|---|---|---|---|
| | | | നിരക്ക് അറിയുന്നതിന് കഴിയുകയുള്ളൂ. |
| (സി) | കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ്സുകൾ വാടകയ്ക്ക് എടുത്തത് മൂലം കനത്ത നഷ്ടം ഉണ്ടായി എന്ന വസ്തുത കൂടി പരിഗണിച്ച് വാടകയ്ക്ക് ഇലക്ട്രിക് ബസ്സുകൾ എടുക്കുന്ന കാര്യത്തിൽ തീരുമാന മെടുക്കുമോയെന്ന് വ്യക്തമാക്കു മോ ? | (സി) | പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ